പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 445 | 21/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**പ്ലാസ്റ്റിക് കണ്ടെയ് നറുകളിൽ പാനീയങ്ങൾ കൊണ്ടുപോകുന്നത് തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | പ്ലാസ്റ്റിക് കുപ്പികളിലും കണ്ടെയ് നറുകളിലും വെള്ളം, ശീതള പാനീയങ്ങൾ മുതലായവ കടുത്ത സൂര്യതാപവും പൊടിപടലങ്ങളും ഏൽക്കുന്ന തരത്തിൽ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് തടയാനും ശരിയായി ശീതീകരിച്ചതും അടച്ചുറപ്പുള്ളതുമായ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ഉറപ്പാക്കുന്നതിനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ; | എ) | പ്ലാസ്റ്റിക് കുപ്പികളിലും കണ്ടെയ് നറുകളിലും വെള്ളം, ശീതള പാനീയങ്ങൾ മുതലായവ കടുത്ത സൂര്യതാപവും പൊടിപടലങ്ങളും ഏൽക്കുന്ന തരത്തിൽ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നടപടി തടയുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ മുന്നറിയിപ്പ് ഭക്ഷ്യ സുരക്ഷാ വകുപ്പ് പത്രമാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളുടെയും വ്യാപാരികളുടെയും വിതരണ ഏജൻസികളുടെയും അറിവിലേയ്ക്കായി നൽകിയിട്ടുണ്ട്. |
| ബി) | ഇപ്രകാരം വാഹനങ്ങളിൽ പാനീയങ്ങൾ കൊണ്ടുപോകുന്ന വർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണ നിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും വിധം മുന്നറിയിപ്പ് കൂടാതെ പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നടപടിയെടുക്കുമോ; | ബി) | ഇപ്രകാരം മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ പാനീയങ്ങൾ കൊണ്ടുപോകുന്നവർക്കെതിരെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ലൈസൻസ്&രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്സ്) റഗുലേഷൻസ് 2011 – 5.5.1, 5.5.2 ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (പേക്കേജിംഗ് & ലേബലിംഗ്) റഗുലേഷൻസ് 2011– 2.1.2(5), 2.4.5(36), (37), (38), 2.4.6(5) ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട് & ഫുഡ് അഡിറ്റീവ്സ്) റഗുലേഷൻസ് 2011– 2.10.7, 2.10.8 എന്നിവ ലംഘിച്ചതിന് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | ഇപ്രകാരം ക്രമവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ട മാർഗം വിശദമാക്കുമോ? | സി) | ക്രമവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ നേരിട്ടോ, തപാൽ മുഖാന്തിരമോ, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ടോൾ ഫ്രീ നമ്പരായ 1800 425 1125 എന്ന നമ്പരിലോ foodsafetykerala @gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്<br>കൂടാതെ അതാത് ജില്ലാ ഓഫീസുകളിലും |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡിലും ഫോൺ മുഖാന്തിരമോ, നേരിട്ടോ, തപാൽ വഴിയോ അറിയിക്കാവുന്നതാണ്. പ്രസ്തുത ഫോൺ നമ്പർ ചുവടെച്ചേർക്കുന്നു.<br>തിരുവനന്തപുരം 0471 2570499<br>കൊല്ലം 0474 2766950<br>പത്തനംതിട്ട 0473 4221236<br>ആലപ്പുഴ 0477 2253123<br>കോട്ടയം 0481 2564677<br>ഇടുക്കി 0486 2220066<br>എറണാകുളം 0484 2784807<br>തൃശ്ശൂർ 0487 2424158<br>പാലക്കാട് 0491 2505081<br>മലപ്പുറം 0483 2732121<br>കോഴിക്കോട് 0495 2720744<br>വയനാട് 0493 5246970<br>കണ്ണൂർ 0497 2760930<br>കാസറഗോഡ് 0499 4256257<br><br>**മൊബൈൽ വിജിലൻസ് സ്ക്വാഡ്**<br>തിരുവനന്തപുരം 0471 2325622<br>എറണാകുളം 0484 2421089<br>കോഴിക്കോട് 0495 2724300 |

സെക്ഷൻ ഓഫീസർ